33964/2023

SOCIAL JUSTICE DEPARTMENT

"ഭരണഭാഷ – മാതൃഭാഷ"

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :27-12-2023
Email -swdkerala@gmail.com
Phone : 0471 – 2306040

## സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - മിശ്രവിവാഹധനസഹായം - അപേക്ഷ സ്വീകരിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: സർക്കാരിന്റെ 16/07/1998 തീയതിയിലെ നം. 766/സി1/98/സ.ക്ഷേ.വ സർക്കുലർ

മിശ്രവിവാഹിതർക്കായി വകുപ്പ് മുഖേന അനുവദിച്ച വരുന്ന ധനസഹായ അപേക്ഷകൾ വിവാഹം കഴിഞ്ഞു ഒരു വർഷത്തിനും രണ്ടു വർഷത്തിനുമിടയിൽ ലഭ്യമാക്കണം എന്ന നിബന്ധനയാണ് നിലവിലുള്ളത്. എന്നാൽ കാലാവധി കഴിഞ്ഞും ലഭിക്കുന്ന അപേക്ഷകൾ സർക്കാരിലേക്ക് അയച്ച കാലതാമസം മാപ്പാക്കിയാണ് അനുവദിച്ച വരുന്നത്. കാലതാമസം മാപ്പാക്കുന്നതിലേക്കായി വിവിധ ജില്ലകളിൽ നിന്നുമുള്ള നിരവധി അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. സർക്കാരിൽ അയച്ച അപേക്ഷകൾ ഇനിയും മാപ്പാക്കി ലഭിക്കാനുമുണ്ട്. ഇത് അപേക്ഷയിൻമേൽ തീരുമാനമെടുക്കുന്നതിന് വളരെയധികം കാലതാമസത്തിന് ഇടവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സൂചന സർക്കാർ സർക്കുലർ പ്രകാരം മിശ്രവിവാഹ ധനസഹായ അപേക്ഷകളിൻ മേൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം കാലാവധി കഴിഞ്ഞു ഒരു വർഷത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകളിൻമേൽ അതത് ബ്ലോക്ക് പഞ്ചായത്തുകൾക്ക് തീരുമാനം എടുക്കാവുന്നതും, ഇതിനായി സർക്കാരിലേയ്ക്ക് അപേക്ഷകൾ സമർപ്പിക്കേണ്ടതില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മിശ്രവിവാഹ ധനസഹായ അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി സൂചന സർക്കാർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മിശ്രവിവാഹ ധനസഹായ അപേക്ഷകൾ വിവാഹത്തിനു ശേഷം ഒരു വർഷം കഴിഞ്ഞും രണ്ടു വർഷത്തിനുള്ളിലും ലഭ്യമാക്കണം എന്നാണ വ്യവസ്ഥ ചെയ്യുന്നതെങ്കിലും കാലാവധി കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകളിൻമേൽ കാലതാമസത്തിന് മതിയായ കാരണങ്ങളുണ്ടെന്ന ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ വ്യക്തമായ ശുപാർശയുടെ അടിസ്ഥാനത്തിൽ അതത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തീരുമാനമെടുക്കേണ്ടതാണ്.
2. മൂന്നു വർഷത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.

സാമൂഹ്യനീതി ഡയറക്ടർ

ned by H Dineshan
e: 27-12-2023 08:27:23